(എ) സഹകരണ ബാങ്കുകളെ റിസർവ് ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കേന്ദ്ര ധനമന്ത്രാലയം നടപടി സ്വീകരിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങളിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) നിലവിലുള്ള വായ്പാ സംഘങ്ങളിൻമേൽ ഇനിയും നിയന്ത്രണങ്ങൾ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ കാര്യത്തിൽ റിസർവ് ബാങ്കിന്റെ എന്തെല്ലാം നിയന്ത്രണങ്ങളാണിപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവ ഇപ്പോൾ തന്നെ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ളവയാണ്. കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കേന്ദ്ര മന്ത്രാലയം നടപടി സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ കാര്യത്തിൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ ഇല്ല.

സ്വയം വിരമിക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ

*11 [911] ശ്രീ. പി. എസ്. സുപാൽ:
,, കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എം. കുമാരൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും സ്വയം വിരമിക്കൽ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവ് എന്നാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) സ്വയം പിരിഞ്ഞു പോകുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കും പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വയം പിരിഞ്ഞുപോകുന്ന തൊഴിലാളികൾ മറ്റൊരു പൊതുമേഖലാ വ്യവസായ സ്ഥാപനത്തിലും തൊഴിലെടുക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ പ്രസ്തുത വ്യവസ്ഥ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വയം വിരമിക്കൽ സാമൂഹ്യക്ഷേമ പദ്ധതി ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ആർ. സി. ചൗധരി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണോ സ്വയം വിരമിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(എഫ്) ഇതിനകം ഏതൊക്കെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്. 24-6-2003-ൽ ആണ് ഉത്തരവ് പുറപ്പെടുവിച്ചത്. ഉത്തരവിന്റെ കോപ്പി അനുബന്ധം 1-ൽ കാണാവുന്നതാണ്. †

(ബി) വിശദവിവരം അനുബന്ധം 2-ൽ വെച്ചിരിക്കുന്നു. †

(സി) ഉണ്ട്. സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരം എക്സ്ഗ്രേഷ്യ അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും പിരിഞ്ഞുപോകുന്ന ജീവനക്കാരന് ലഭ്യമാകുന്നതിനാലാണ് ഈ നിബന്ധന.

(ഡി) ഉണ്ട്. വിശദവിവരങ്ങൾ (എ) ചോദ്യത്തിന് മറുപടിയായി വച്ചിട്ടുള്ള അനുബന്ധത്തിലുണ്ട്. †

(ഇ) അതെ.

(എഫ്) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരളാ സിറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കെൽട്രോൺ കൗണ്ടേഴ്സ്, ആസ്ട്രൽ വാച്ചസ്, സീതാറാം ടെക്സ്റ്റയിൽസ്, ആട്ടോകാസ്റ്റ്, കേരള ഗാർമെന്റ്സ്, ടെൽക്ക്, യുണൈറ്റഡ് ഇലക്ടിക്കൽ ഇൻഡസ്ട്രീസ്, കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് എന്നിവയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly